**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6235** **10-07-2024 - ൽ മറുപടിയ്ക്ക്**

**മുള്ളി ചെക്ക് പോസ്റ്റ് ഉറക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നിന്നുള്ളവർക്ക് അട്ടപ്പാടിയിലെ മുള്ളി വഴി ഊട്ടിയിലേക്ക് പോകുന്നതിനുള്ള പ്രധാന പാതയിലെ മുള്ളി ചെക്ക് പോസ്റ്റ് കഴിഞ്ഞ മൂന്ന് വർഷമായി തമിഴ്നാട് വനം വകുപ്പ് അടച്ചിട്ടതിനാൽ യാത്രാതടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | മണ്ണാർക്കാട് വനം ഡിവിഷനിലെ അട്ടപ്പാടി റെയിഞ്ച് പരിധിയിൽ ഉൾപ്പെടുന്നതാണ്, താവളം-മുള്ളി റോഡ്. മുള്ളിയിൽ കേരള അതിർത്തിയിൽ തമിഴ്നാടിന്റെ ചെക്ക്പോസ്റ്റ് നിലവിലുള്ളത്. ചെക്ക് പോസ്റ്റിന് ശേഷമുള്ള റോഡ് തമിഴ്നാട് വനം വകുപ്പിന്റെ അധീനതയിലുള്ള വനത്തിലൂടെ കടന്നുപോകുന്ന വനപാതയാണ്. നിലവിൽ മുള്ളിയിൽ നിന്ന് ഊട്ടിയിലേയ്ക്കുള്ള പാതയിൽ തമിഴ്നാട് വനം വകുപ്പ് വിനോദസഞ്ചാരികൾക്ക് ഗതാഗതം നിരോധിച്ചിട്ടുള്ളത്. എന്നാൽ ചുറ്റവട്ടത്തിലുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന തദ്ദേശീയരായ നാട്ടുകാർക്കും ആദിവാസികൾക്കും യാത്രാ നിരോധനം ബാധകമാക്കിയിട്ടില്ല. |
| (ബി) | തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് പ്രസ്തുത ചെക്ക് പോസ്റ്റ് ഉറക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത ചെക്ക് പോസ്റ്റ് ഉറക്കുവാനും ഇത്തരത്തിലുള്ള പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ തമിഴ്നാട് സർക്കാരുമായി സർക്കാർ തലത്തിൽ ആശയവിനിമയം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ